(സി) ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു :

തിരുവനന്തപുരം ജില്ല	–	12
കൊല്ലം	–	13
പത്തനംതിട്ട	–	5
ആലപ്പുഴ	–	4
കോട്ടയം	–	13
ഇടുക്കി	–	8
എറണാകുളം	–	11
തൃശ്ശൂർ	–	7
പാലക്കാട്	–	1
മലപ്പുറം	–	7
കോഴിക്കോട്	–	10
വയനാട്	–	4
കണ്ണൂർ	–	12
കാസർഗോഡ്	–	1

(ഡി) ഹോമിയോപ്പതി വകുപ്പിൽ നിലവിലുള്ള സ്പെഷ്യൽ റൂൾസ് പ്രകാരം എൻ.സി.വി. യോഗ്യതയുടെ അടിസ്ഥാനത്തിൽ മാത്രമേ നിലവിൽ ഫാർമസിസ്റ്റ് തസ്തികയിൽ നിയമനം നടത്താറുള്ളൂ.

ഹോമിയോ ആശുപത്രികളിൽ സെക്യൂരിറ്റി ജീവനക്കാർ

124 (4152) ശ്രീ. ഇ. ചന്ദ്രശേഖരൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജില്ലാ ഹോമിയോ ആശുപത്രികളിൽ സെക്യൂരിറ്റി ജീവനക്കാരെ നിയമിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ സെക്യൂരിറ്റി ജീവനക്കാരെ നിയമിക്കാനുള്ള നടപടികൾ ഏതുവരെയായി എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) നിലവിൽ ഈ തസ്തിക ഇല്ലാത്തതിനാൽ അടിയന്തര ആവശ്യകത കണക്കിലെടുത്ത് എച്ച്.എം.സി. ഫണ്ടുള്ള മിക്ക ആശുപത്രികളിലും എച്ച്.എം.സി. തീരുമാനപ്രകാരം താൽക്കാലിക തസ്തികയിലേക്ക് ദിവസവേതനാടിസ്ഥാനത്തിൽ ജീവനക്കാരെ നിയമിച്ച് സ്ഥാപന പ്രവർത്തനം സുഗമമാക്കി വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly